## 124

സത്യമായ് ശുദ്ധസ്നേഹമായ് - ദൈവ
ജ്ഞാനമായ് വാഴും കർത്താവേ!
വന്ദ്യനാം നിത്യജീവമാർഗ്ഗമേ വന്ദനം ജയമംഗളം

1 കാൽകരങ്ങളിലാണിയേറ്റു നീ കാൽവറി ക്രൂശിൻ യാഗമായ്
പാവനരക്തം ചിന്തി ഞങ്ങളെ വീ   താൽ ജയമംഗളം-

2 സ്വന്തപുത്രനെയാദരിയാതെ സ്വന്തമായ് ഞങ്ങൾക്കേകിയ
സ്വർഗ്ഗതാത! നീ സർവ്വവും തന്നിൽ തന്നതാൽ ജയമംഗളം!-

3 സാക്ഷാൽ മുന്തിരിവള്ളിയാം നിന്നിൽ
കൊമ്പുകളാക്കി ഞങ്ങളെ
മെച്ചമാം ഫലം കായ്ക്കുവാൻ
ചെത്തി സ്വച്ഛമാക്കയാൽ മംഗളം!-

4 കാരുണ്യമാർന്ന കൈകളിൽ വഹിച്ചാലംബഹീനരായോരെ
വൻദുരിതങ്ങൾ നീക്കിയൻപിനാൽ പോറ്റിടും നാഥാ മംഗളം-

5 സാനന്ദം സ്തുതി കീർത്തനങ്ങളാൽ
വാഴ്ത്തുവാനിന്നു ഞങ്ങളെ
പ്രാപ്തരാക്കിയ ദേവനന്ദന വന്ദനം ജയമംഗളം- T.O.C